താറാങ്ങളെല്ലാം ഉൾക്കൊള്ളിച്ച് സർവേ റിക്കാർഡുകൾ അപ്പ്റ്റുഡേറ്റ് ചെയ്യുന്ന ജോലിയാണ് സപ്ലിമെന്റൽ സർവേകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ചെയ്യുന്നത് മുൻപുള്ള സർവേ റിക്കാർഡുകൾ ഏകദേശം തൃപ്തികരമായ സ്ഥലങ്ങളിലാണ്.

(ബി) ഇല്ല. പഴയ രേഖകൾ അനുസരിച്ച് ഭൂമിയിൽ വസ്തുക്കളുടെ അതിരുകൾ നിലനിർത്തി സർവേ ചെയ്യുന്നതിനാൽ വ്യാജ രേഖകൾ ഉണ്ടാക്കാൻ സാദ്ധ്യമല്ല. കാരണം വ്യാജരേഖകളുണ്ടാക്കിയാൽ അതിനുശേഷം നടക്കുന്ന പരിശോധന സമയത്ത് അത് കണ്ടുപിടിക്കപ്പെടും. കൂടാതെ കൈവശങ്ങൾ നോക്കാതെ പഴയ അളവുകളെ മാത്രം അടിസ്ഥാനപ്പെടുത്തി സർവേചെയ്യുന്നതിനാൽ അതിൽ വ്യാജരേഖകൾ ഉണ്ടാക്കാൻ നിവർത്തിയില്ല എന്നത് വ്യക്തമാണ്.

(സി, ഡി) സപ്ലിമെന്ററി സർവേകൾ സർവേയേതരക്കാരെ ഏല്പിച്ചു കൂടാത്തതാണെന്നാണ് ഗവൺമെന്റിന്റെ അറിവ്.

തിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന നിലങ്ങളിലെ തൊഴിലാളികൾ

* 769 [837] ശ്രീ. വി. എം. സുന്ദരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കേരളത്തിൽ മിച്ചഭൂമിയായി നിലങ്ങളെ നിജപ്പെടുത്തുന്നതുവരെ അതേനിലത്തിൽ തൊഴിൽ ചെയ്തുവരുന്ന കർഷകതൊഴിലാളികളെ ജില്ലാ അധികൃതർ ഭീക്ഷണിപ്പെടുത്തി തൊഴിൽ ഒഴിപ്പിക്കുന്നതു നിയമവിധേയമാണോ;

(ബി) അതെങ്കിൽ ഏതു വകുപ്രകാരമാണ്;

(സി) അല്ലെങ്കിൽ അവർക്ക് തൊഴിൽ സ്ഥിരത നൽകാൻ നടപടി എടുക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. മേബബി ജോൺ): (എ,ബി,സി) മിച്ചഭൂമിയായി നിലങ്ങളെ നിജപ്പെടുത്തുന്നതുവരെ അതേനിലത്തിൽ തൊഴിൽ ചെയ്തുവരുന്ന കർഷകതൊഴിലാളികളെ ജില്ലാഅധികൃതർ ഭീക്ഷണിപ്പെടുത്തി തൊഴിലൊഴിപ്പിക്കുന്നതായി യാതൊരു പരാതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഫാമിൻ റിലീഫ് പദ്ധതി

* 770 [838] ശ്രീ. പി. റ്റി. കുഞ്ഞുട്ടി ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഫാമിൻ റിലീഫ് പദ്ധതിപ്രകാരം ഗവൺമെന്റ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(ബി) ഫാമിൻ റിലീഫ് പദ്ധതിയനുസരിച്ച് ഉള്ള പരിപാടികൾക്കുള്ള ഫണ്ട് സമയക്കുറവുകൊണ്ട് ലാപ്സായി പോകുന്നുവെന്നു പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly